

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**07 FEBRUARY 2020**
**12 JAMADI'UL AAKHIR 1441 AH**

# WHAT DOES ISLAM ASK OF US ?
# ഇസ്ലാം നമ്മോട് എന്താണ് ആവശ്യപ്പെടുന്നത്?

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാം നമ്മോട് എന്താണ് ആവശ്യപ്പെടുന്നത്?** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഈ ജമാഅത്ത് മറ്റു ജമാഅത്തുകളിൽ നിന്നും, അല്ലാഹു (ത) ഈ നൂറ്റാണ്ടിലേക്ക് ഉയർത്തിയതാണ്. ഇതിലൂടെ മറ്റു ജമാഅത്തിൽ നിന്നും ഈ ജമാഅത്തിനെ വേർതിരിച്ചറിയുന്നതിനു വേണ്ടിയാണ്, അതെങ്ങനെ എന്നാൽ ഈ ജമാഅത്തിൽ അല്ലാഹു(ത) അവൻ സ്വയം ഒരാളെ തെരഞ്ഞെടുത്ത്, റൂഹുൽ ഖുദ്സുമായി നിയോഗിച്ചിരിക്കുന്നു. നിയോഗോദ്ദേശ്യം മാനവസമുദായത്തെ പൊതുവിലും മുസ്ലിംകളെ പ്രത്യേകിച്ചും അന്ധകാരത്തിൽ നിന്നും നീക്കം ചെയ്തു പ്രകാശത്തിലേക്ക് നയിക്കുന്നതിനാണ്. എന്നിട്ട് അവരെ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടിയാണ്- ദൈവീക അധ്യാപനങ്ങൾ പഠിപ്പിക്കുന്നിനു വേണ്ടി- കാരണം യഥാർത്ഥ ദൈവീക അധ്യാപനങ്ങളെ പരിഹാസത്തിലകപ്പെടുത്തിയിരിക്കുകയാണ്, ഈ പറയപ്പെടുന്ന മുല്ലാക്കൾ, മതത്തിന്റെ രസജ്ഞന്മാർ, അവർ അതിൽ അനിസ്ലാമികമായ അനേകം കണ്ടു പിടുത്തങ്ങൾ നടത്തിയിരിക്കുകയാണ്, അവരത് മറ്റു മതത്തിൽ നിന്നും കടമെടുത്തതാണ്; അനിസ്ലാമിക സംസ്ക്കാരങ്ങളിൽ നിന്നും അവർ കടമെടുത്തതാണ്. എന്നിട്ട് അത് ദീനിന്റെ ഭാഗമാക്കി മാറ്റി ! അതായത് അല്ലാഹുവിന്റെ ദീനിന്റെ, ഇസ്ലാമിന്റെ ഭാഗമാക്കി മാറ്റി! ഈ മതം, അതിന്റെ പേര് അവൻ തന്നെയാണ്, അതിന് നല്കിയിരിക്കുന്നത്, അത് അവൻ വിശുദ്ധഖുർആനിലൂടെ പ്രഖ്യാപിക്കുകയും ചെയ്തു. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കി തരി

കയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.(5:4) സൂറ:അൽമാഇദ:

ഇനി നിങ്ങൾ ഇതൊന്നു നോക്കി കാണുക എങ്ങനെയാണ് അല്ലാഹു(ത) അവൻ സ്വയം തന്നെ, ഈ മതത്തെ സമ്പൂർണ്ണമാക്കിയതെന്ന്; അവന്റെ അനുഗ്രഹം എങ്ങനെയാണ് നമ്മുടെ മേൽ പൂർത്തിയാക്കി തന്നതെന്ന്! അതായത് അതിൽ അവൻ, നമുക്ക് നന്മയായിട്ടുള്ളതെന്തെല്ലാമാണോ അതെല്ലാം അവൻ അതിൽ ക്രമീകരിച്ചു. ആയതിനാൽ നമ്മുടെ ജീവിതം അവനെ അനുസരിച്ചു കൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിക്കും, അവൻ തന്നെയാണ് നമ്മുടെ സൃഷ്ടാവ്, അവന്റെ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യെ അനുസരിച്ചുകൊണ്ടും നമുക്ക് ജീവിക്കുവാൻ സാധിക്കും. അവനതിൽ, (വിശുദ്ധഖുർആനിൽ) ഒരു കല്പനയല്ല തന്നത്. ഏഴു കല്പനകളുമല്ല നല്കിയത്. മറിച്ച് 700 കല്പനകളാണ് നല്കിയത്. അതും നാം അനുസരിക്കേണ്ടതു തന്നെയാണ്. അതിനെ പിന്തുടരേണ്ടതുമാണ്; ഇതേ ഗ്രന്ഥത്തിൽ തന്നെയാണുള്ളത് നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും! എല്ലാ പ്രതിവിധിയും നമുക്ക് പരിശുദ്ധഖുർആനിൽ കണ്ടെത്തുവാൻ കഴിയും. ഇക്കാരണത്താലാണ് ഇസ്ലാമും വിശുദ്ധഖുർആനും ഒരുമിച്ചു സഞ്ചരിക്കുന്നത്. കാരണം അത് അന്തിമമായതാണ്. ഇനി, ഇസ്ലാമല്ലാത്ത മറ്റൊരു അന്തിമ മതമില്ല. മറ്റൊരു മതമോ ഗ്രന്ഥമോ ഇനി ഇല്ല, കാരണം വിശുദ്ധഖുർആൻ സമ്പൂർണ്ണ ഗ്രന്ഥമാണ്, ഇസ്ലാം അവൻ തൃപ്തിപ്പെട്ട മതവുമാണ്. അതുകൊണ്ടാണ് അല്ലാഹു (ത) പറയുന്നത് മതമെന്ന നിലയിൽ ഇസ്ലാമിനെ സംതൃപ്തിപ്പെട്ടിരിക്കുന്നു.

ഇന്ന്, ഈ മതത്തിന്, ഇസ്ലാം മതത്തിന് എന്തു സംഭവിച്ചിരിക്കുന്നു? ചുരുക്കി പറഞ്ഞാൽ, ഈ മതത്തിലെ പണ്ഡിത വർഗ്ഗത്തെ നാം ഇന്ന് കാണുന്നത് ഈ മതത്തിലെ വലിയ പണ്ഡിതന്മാർ എന്നു പറയുന്നവർ, ഇസ്ലാമിന്റെ സംശുദ്ധമായ അധ്യാപനങ്ങളെ ചവിട്ടി മെതിച്ചിരിക്കുന്നു. (അതായത് ഇസ്ലാമിക അധ്യാപനങ്ങളെ) അവർ എല്ലാവിധ നൂതന നിയമങ്ങളും ചട്ടങ്ങളും ഈ മതത്തിന്റെ പേരിൽ കണ്ടു പിടിച്ചിരിക്കുന്നു. അത് ഒരു രീതിയിലും ഇസ്ലാമിന്റെ അധ്യാപനങ്ങളല്ലതാനും! അതവർ ഇസ്ലാമിന്റെ പേരിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

ഉദാഹരണമായി പറഞ്ഞാൽ, അത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളുമാണ്, ഇസ്ലാമിലെ ഏറ്റവും കാതലായ ഭാഗവുമാണത്.

1. പ്രവാചകത്വത്തിന്റെ വാതിൽ അവർ അടച്ചുകളഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാർ വരുന്നതിനെ അവർ തടയിട്ടിരിക്കുന്നു. അതേ സമയം ഒരു പ്രവാചകന്റെ വരവിനെ അവർ കാത്തിരിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്രവാചകന്റെ ദൗത്യം മുഹമ്മദിയ്യാ (സ)ടെ ഉമ്മത്തിലായിരുന്നില്ല താനും! വിശുദ്ധഖുർആനിലൂടെ അല്ലാഹു(ത) സ്ഥാപിച്ച വിശ്വാസത്തിനെതിരുമാണത്. അവർ പറയുന്നത് അത്തരം പ്രവാചകന്മാർ (അതായത് ഈസ(അ) ആകാശങ്ങളിലേക്ക് കരേറി പോയെന്നും, അത് ശരീരത്തോടെയാണെന്നും, അദ്ദേഹം അവിടെ ജീവിച്ചിരിക്കുന്നുവെന്നും അവർ വിശ്വസിക്കുന്നു. അതുമാത്രമല്ല മുസ്ലിംകളെ നന്നാക്കുന്നതിനായി ഈ പ്രവാചകൻ ഭൂമിയിലേക്ക് ഇറങ്ങിവരുമെന്നും അവർ വിശ്വസിക്കുന്നു. ഈ വിശ്വാസം വിശുദ്ധഖുർആന്റെ അധ്യാപനത്തിന് എതിരാണ്. കാരണം ഇത് സംബന്ധമായി അല്ലാഹു(ത) പറയുന്നത് അവർ പ്രതീക്ഷിച്ചിരിക്കുന്ന ഒരുവനെ ബനീഇസ്റായീൽ സന്തതികളിലേക്ക് നിയോഗിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ദൗത്യം മൂസ(അ)ന്റെ നിയമത്തെ, ദൗത്യത്തെ പൂർത്തികരിക്കലായിരുന്നു.

2. വെളിപാടുകളുടെ വാതിൽ അടയ്ക്കുക. വെളിപാടുകളുടെ വാതിലുകൾ അവർ അടച്ചപ്പോൾ, അതിന്റെ അർത്ഥം, അവരെ സംബന്ധിച്ചിടത്തോളം ഇനി ഒരു പ്രവാചകനും വരില്ല, കാരണം വെളിപാടുകൾ ഇറങ്ങുന്നത്, അല്ലാഹു(ത) തെരഞ്ഞെടുക്കുന്ന പ്രവാചകന്മാരിലൂടെയാണ്. ഇവരുടെ ഈ നിലപാടുകളും വിശുദ്ധഖുർആന്റെ എതിരാണ്. ഞാൻ ഈ പറയുന്ന കാര്യങ്ങളെ പിന്താങ്ങികൊണ്ട് അനേകം വചനങ്ങൾ ഉള്ളതിൽ ഒരെണ്ണം ഞാനെടുത്തു ഉദ്ധരിക്കുകയാണ്. പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എന്നിൽ നിന്നുള്ള മാർഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആര് എന്റെ മാർഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടാന്നതല്ല; അവർ വ്യസനിക്കുന്നതുമല്ല (അൽബഖറ : 2:39)

3. അവരിൽ ദർഗകൾ പണിയുന്നവരുണ്ട് (മരണപ്പെട്ടവരുടെ സ്മാരകങ്ങൾ) അതവർ പണിയുന്നത് പള്ളികളെപോലെയാണ്. അവർ ഈ പീർമാരുടെ ശവകുടീരങ്ങളിൽ ശിർക്ക് ചെയ്യുന്നു. അല്ലാഹു(ത) പറയുന്നു. ശിർക്ക് അല്ലാഹു(ത) മാപ്പാക്കാത്ത കുറ്റമാകുന്നു. (അതായത് ശിർക്ക് ചെയ്യുന്ന

ഒരാൾ ശരിയായ പാതയിലേക്ക് മടങ്ങിവരുന്നില്ലെങ്കിൽ, അയാൾ ശിർക്കിൽ തന്നെ മരണമടയുകയാണെങ്കിൽ) ചുരുക്കത്തിൽ ഈ പറഞ്ഞകാര്യങ്ങളൊക്കെയും ശിർക്കാകുന്നു. ഈ പ്രവർത്തനങ്ങളൊക്കെയും ശിർക്ക് തന്നെയാണ്. അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. (അന്നിസാ 4:37)

ഇന്ന് നിങ്ങൾ എന്താണ് കാണുന്നത്? പള്ളികളിലെ വാതിലുകൾ സ്ത്രീകൾക്കായി കൊട്ടിഅടയ്ക്കപ്പെട്ടിരിക്കുന്നു. അവിടെ സ്ത്രീകൾക്ക് ജമാഅത്തായി നമസ്ക്കാരമില്ല. സ്ത്രീകൾക്കായി ജുംഅ ഇല്ല, ഈ സ്ത്രീകൾക്കായി, പെൺകുട്ടികൾക്കായി ഇസ്ലാമിക വിദ്യാഭ്യാസ പരിപാടികളൊന്നും സംഘടിപ്പിക്കുന്നില്ല. ഇന്ന്, ഈ സ്ത്രീകളുടെയും പെൺകുട്ടികളുടെയും വസ്ത്രധാരണത്തിലേക്ക് നോക്കുക, അവരതാ മറ്റുള്ളവരുടെ പാത തെരഞ്ഞെടുത്തിരിക്കുന്നു- വഴി തെറ്റിയ പാത- കാരണം അല്ലാഹു(ത)യുമായി ബന്ധപ്പെടുന്നതിനുള്ള വാതിൽ അവർ അടച്ചു കഴിഞ്ഞു. എന്നിട്ട് നൂറുകണക്കിന് അല്ല ആയിരക്കണക്കിന് വാതിലുകൾ സാത്താനിലേക്ക് നയിക്കുന്ന വാതിലുകൾ അവർ തുറന്നിട്ടു.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) എന്താണ് പറയുന്നത്? വിശ്വസിച്ചവരെ, (മുസ്ലിംകളെ) വെള്ളിയാഴ്ച ദിവസം നമസ്ക്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് (ഖുത്തുബയ്ക്കും നമസ്ക്കാരത്തിനും) നിങ്ങൾ ധൃതിപ്പെട്ടു പോവുകയും വ്യാപാരം നിറുത്തിവെയ്ക്കുകയും ചെയ്യുക. നിങ്ങൾ (കാര്യം) മനസ്സിലാക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്. പിന്നെ നമസ്ക്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ, നിങ്ങൾ ഭൂമിയിൽ പിരിഞ്ഞു പോവുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിനായി നിങ്ങൾ അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുക.

(അൽജുംഅ 62:10-11)

അല്ലാഹു (ത) പറയുന്നു അല്ലയോ വിശ്വസിച്ചവരെ, സ്ത്രീകൾ വിശ്വാസികൾ അല്ലേ? ഈ മതമേധാവികൾ എന്ന് നിങ്ങൾ കരുതപ്പെടുന്നവർ, അനേകം പുതിയ കണ്ടു പിടുത്തങ്ങൾ ദീനിൽ കണ്ടെത്തിയിട്ടുണ്ട്. അത് അശ്ലേഷവും ഇസ്ലാമികമായിട്ടുള്ളതല്ല എന്ന് നിങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. അതിൽപെടുന്നതാണ് ഖത്തം ഓതൽ, മൗലിദ് പാരായണം ചെയ്യൽ, റാത്തീബ് തുടങ്ങിയ

ആചാരങ്ങൾ! എന്നാൽ അല്ലാഹു (ത) നമുക്ക് മനസ്സിലാക്കി തന്ന കാര്യങ്ങൾ അതു വിശ്വസിക്കേണ്ടതാണ്. എന്നാൽ അതെല്ലാം അവർ നിരാകരിക്കുന്നു. അല്ലാഹുവിന്റെ അടയാളങ്ങളിൽപെട്ട താണ് ദൈവീക ദൃഷ്ടാന്തങ്ങൾ, ദൈവീക വെളിപാടുകൾ അവിടെ അല്ലാഹു(ത) വെളിപാടുകൾ നല്കുന്നതിനായി അവൻ മാലാഖമാരെ നിയോഗിക്കുന്നു. അല്ലാഹുവിന്റെ സമ്പൂർണ്ണ ഗ്രന്ഥ മായ വിശുദ്ധഖുർആനിൽ ഒരു സംശയത്തിനും ഇടയില്ല. ഈ സമ്പൂർണ്ണഗ്രന്ഥത്തിലെ അധ്യാപനങ്ങൾ അവർ പിന്തുടരുകയാ ണെങ്കിൽ, അനേകം കാര്യങ്ങൾ (അതിലെ നിർദ്ദേശങ്ങളും കല്പ നകളും) അല്ലാഹു(ത) ചെയ്യുവാൻ കല്പിച്ചത്, അവർ ചെയ്യുമാ യിരുന്നു. അതിൽ എന്തൊക്കെയാണോ ചെയ്യുവാൻ പാടില്ല എന്ന് പറഞ്ഞത്. അതവർ ചെയ്യുമായിരുന്നില്ല; പാപമാണെന്ന് പറഞ്ഞ കാര്യങ്ങളിൽ നിന്നും അവർ സ്വയം വിദൂരതായിലാകുമായിരുന്നു. ഈ കാര്യങ്ങളൊക്കെ അല്ലാഹു(ത) വിശുദ്ധഖുർആനിൽ വ്യക്ത മാക്കിയിട്ടുള്ളതുമാകുന്നു. മാനവകുലത്തോട് കല്പിച്ച, ഈ വിശ്വാസകാര്യങ്ങളെയും പ്രവർത്തനങ്ങളെയും നിരസിച്ച ജന ങ്ങൾക്ക് എന്തുപറ്റി എന്ന് നോക്കി കാണുന്നത് നന്നായിരിക്കും.

അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥ ങ്ങളിലും, അവന്റെ ദൂതന്മാരിലും അന്ത്യനാളിലും ആർ വിശ്വസി ക്കുന്നുവോ (ഗ്രഹിക്കുക) അവൻ വഴികേടിൽ നിന്നും തീർച്ച യായും ബഹുദൂരം അകന്നുപോയിരിക്കുന്നു (അന്നിസാ : 4:137)

ഈ വചനത്തിൽ പറയപ്പെട്ട കല്പനകളെയും വിശ്വാസങ്ങ ളെയും നിരസിക്കുന്നവരെ സംബന്ധിച്ച് അല്ലാഹു(ത) പ്രഖ്യാപി ക്കുന്നു അന്ത്യദിനത്തിൽ (വിധിനാളിൽ) ഇത്തരം ആളുകൾ, നേർപാതയിൽ നിന്നും വളരെ വിദൂരതയിലായിരിക്കും, അവരെ വഴികേടിൽ നയിക്കപ്പെടുന്നതുമാകുന്നു. ഈ ആളുകൾ പേരിൽ മാത്രം മുസ്ലിംകൾ ആയവരാണ്. അവർ പറയുന്നവരാണ് ഞങ്ങൾ നമസ്ക്കാരം നിർവ്വഹിക്കുന്നവരാണ്, അതേ സമയം അവർ ദർഗകളിൽ തുടരെ തുടരെ പൊയ്ക്കൊണ്ടിരിക്കുന്നവരാണ്; അവർ അല്ലാഹു(ത) തെരഞ്ഞെടുത്ത ആളെ നിരസിക്കുന്നവരാ യിരിക്കും, മാനവസമൂഹത്തിന് മൊത്തത്തിൽ നന്മയുമായി, വെളി പാടുകളുമായി ഇറങ്ങുന്ന മാലാഖയെ അവർ നിരസിക്കുന്നവരാ യിരിക്കും. അതിലേറ്റവും പ്രത്യേകമായി ഈ അനുഗ്രഹം ലഭി ക്കേണ്ടത് മുസ്ലിംകൾക്കായിരുന്നു. എന്നാൽ പ്രസ്തുത മുസ്ലിം നാമധാരികൾ ഈ ദൈവീക നിർദ്ദേശങ്ങളെ നിരാകരിക്കുന്നു. ഇവയൊക്കെ അല്ലാഹു(ത) അവന്റെ സമ്പൂർണ്ണഗ്രന്ഥത്തിൽ പറ

യപ്പെട്ട കാര്യങ്ങളാകുന്നു. അവർ അത് വിശ്വസിച്ച് പ്രവർത്തിക്കുന്നതിന് പകരം, അവർ ദീനിൽ നൂതനമായി കൂടിച്ചേർത്ത കാര്യങ്ങളിൽ വിശ്വസിക്കുകയും അതിന് മുൻഗണന നല്കുകയും ചെയ്യുന്നു. അത്തരം ബിദ്അത്തുകളിൽപ്പെടുന്ന കാര്യങ്ങളാണ് കണ്ണുദോഷചികിത്സ (അനിസ്ലാമിക വഴിയിലൂടെ) യും നൂൽജപിച്ചുകൊടുക്കുക തുടങ്ങിയ അനേകം ചെപ്പടിവിദ്യകൾ!

നിങ്ങൾക്ക് അല്ലാഹുവിൽ വിശ്വാസമുള്ളപ്പോൾ, അവന്റെ മാലാഖമാരിൽ വിശ്വാസമുള്ളപ്പോൾ, അവന്റെ പരിശുദ്ധഗ്രന്ഥം പാരായണം ചെയ്യുമ്പോൾ, അവിടെ അല്ലാഹു(ത) എന്താണ് പറഞ്ഞിരിക്കുന്നതെന്ന് നോക്കുക. അവൻ നിയോഗിക്കുന്ന അവന്റെ ദൂതന്മാരെ അനുസരിക്കുക. അങ്ങനെ നിങ്ങൾ ഇതു ചെയ്യുമ്പോൾ, (അതായത് നിങ്ങൾ അവന്റെ പ്രവാചകനെ അനുസരിക്കുന്നതിലൂടെ അല്ലാഹുവിനെയാണ് അനുസരിക്കുന്നത്) നിങ്ങൾ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് നേരെ എതിർ നില്ക്കുമായിരുന്നില്ല. ഇതാണ് അല്ലാഹു(ത) വിശുദ്ധഖുർആനിലൂടെ പറയുന്നത്. വിശ്വാസികളെ! നിങ്ങളെല്ലാവരും സമ്പൂർണ്ണമായ അനുസരണ വൃത്തത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ പിന്തുടരരുത്. നിശ്ചയമായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു (അൽബഖറ 2:209)

അല്ലാഹു(ത) ഇതു പറയുമ്പോൾ യഥാർത്ഥമായ നിലയിൽ വിശ്വാസമുള്ളവർ അവർ ഇസ്ലാമിൽ സമ്പൂർണ്ണമായും പ്രവേശിക്കുന്നതാണ്. അതായത് അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ മാലാഖമാരിലുള്ള വിശ്വാസം, അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവന്റെ ദൂതന്മാരിലുള്ള വിശ്വാസം, അല്ലാഹു(ത) ജനങ്ങളെ മനസ്സിലാക്കികൊടുത്തിട്ടുണ്ട്, വിശുദ്ധഖുർആനിലൂടെ, അവൻ ദൂതന്മാരെ സന്തോഷവാർത്ത അറിയിക്കുന്നവരായും താക്കീതു നല്കുന്നവരായും നിയോഗിക്കുന്നതാണ് എന്ന്!

ഇനി നിങ്ങളൊന്നു ചിന്തിക്കുക, അല്ലാഹുവിന്റെ ഒരു ദൂതനെ നിരസിക്കുന്ന ഒരാൾക്ക് എന്തു സംഭവിക്കുമെന്ന്! അത്തരം ഒരു പ്രവാചകനെ അല്ലാഹു(ത) അവൻ സ്വയം തന്നെയാണ് തെരഞ്ഞെടുത്തയയ്ക്കുന്നത്. അവൻ തന്നെയാണ് അവന്റെ മലക്കിന് കല്പന കൊടുക്കുന്നത്, അവന്റെ സന്ദേശം അദ്ദേഹത്തിന് നല്കുവാൻ! അല്ലാഹുവിലുള്ള നിങ്ങളുടെ വിശ്വാസവും അവൻ തെരഞ്ഞെടുത്തതിലുള്ള വിശ്വാസവും ആണോ കൂടുതൽ പ്രാധാന്യമുള്ളത്? അതോ പ്രസ്തുത വിശ്വാസത്തെ നിരസിക്കുന്ന ഒരാളെ വിവാഹം കഴിക്കുന്നതിനാണോ? അയാൾ അടയാളങ്ങളിൽ വിശ്വസിച്ചിട്ടില്ല.

ദൃഷ്ടാന്തങ്ങളിൽ വിശ്വസിച്ചിട്ടില്ല. അല്ലാഹുവിന്റെ പ്രവാചകന്മാരിൽ വിശ്വസിച്ചിട്ടില്ല, എന്തുവേണമെന്ന് നിങ്ങളാണ് തീരുമാനിക്കേണ്ടത്?

അല്ലാഹു(ത) നമുക്ക് ബോധ്യമാക്കി തന്നിട്ടുണ്ട്. അല്ലാഹു(ത) തന്നെ അംഗീകരിക്കാത്തവരെ സംബന്ധിച്ച്, അവന്റെ ദീനായ ഇസ്ലാമിനെ അംഗീകരിക്കാത്തവരെ സംബന്ധിച്ച്, വിഗ്രഹങ്ങളെ ആരാധിക്കുന്നവരെ സംബന്ധിച്ച്, ഈ വിഗ്രഹങ്ങൾക്ക് ദൈവത്തേക്കാൾ കൂടുതൽ പ്രാധാന്യം നല്കുന്നവരെ സംബന്ധിച്ച്, ഈ വിഗ്രഹങ്ങൾക്കോ യാതൊരുവിധ കഴിവുമില്ലതാനും!

തമിഴ്നാട് അമീർ സാഹിബിൽ നിന്നും ലഭിച്ച ഒരു കത്തിന്റെ അടിസ്ഥാനത്തിൽ, വിവാഹ സംബന്ധമായ ഒരു വിഷയത്തെ സംബന്ധിച്ച് ചോദിച്ച ചോദ്യത്തിന്, ഞാനിവിടെ ഉത്തരം നല്കുകയാണ്. ഇത് എന്റെ എല്ലാ അനുചരന്മാർക്കും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാം അംഗങ്ങൾക്കും പ്രയോജനകരമായേക്കാം-ഇതുസംബന്ധമായി ഒരു വിശദീകരണവും വ്യക്തമായ മാർഗനിർദ്ദേശങ്ങളും നല്കുകയാണ്, നിങ്ങൾക്ക് ഈ മാർഗം സ്വീകരിച്ച് ശരിയായ നിലയിൽ മുന്നോട്ടു പോകുവാൻ സാധിക്കുന്നതാണ്, ഈ വിഷയം സംബന്ധമായി നിങ്ങൾക്ക് കൂടുതൽ വെളിച്ചം ലഭിക്കുന്നതുമാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. ബഹുദൈവവിശ്വാസികളെ അവർ സത്യവിശ്വാസം സ്വീകരിക്കുന്നതുവരെ നിങ്ങൾ വിവാഹം ചെയ്യരുത്. വിശ്വാസിനിയായ ഒരു അടിമ സ്ത്രീ ബഹുദൈവ വിശ്വാസിനിയായ ഒരു സ്വതന്ത്ര സ്ത്രീയെക്കാൾ തീർച്ചയായും ഉത്തമയാകുന്നു. അവർ നിങ്ങൾക്ക് (എത്രതന്നെ) കൗതകം ജനിപ്പിച്ചാലും ശരി! (അപ്രകാരം തന്നെ) ബഹുദൈവ വിശ്വാസികൾക്ക് അവർ സത്യ വിശ്വാസം സ്വീകരിക്കുന്നതുവരെ (മുസ്ലിം സ്ത്രീകളെ) വിവാഹം ചെയ്തു കൊടുക്കുന്നതും, വിശ്വാസിയായ ഒരു അടിമ (സ്വതന്ത്രനായ) ഒരു ബഹുദൈവ വിശ്വസിയെക്കാൾ തീർച്ചയായും ഉത്തമനാണ്. അവൻ നിങ്ങൾക്ക് (എത്രതന്നെ) കൗതുകമുളവാക്കിയാലും ശരി. അക്കൂട്ടർ നരകാഗ്നിയിലേക്ക് വിളിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ വിധിപ്രകാരം, സ്വർഗ്ഗത്തിലേക്കും പാപമുക്തിയിലേക്കുമാണ് ക്ഷണിക്കുന്നത്. അവൻ തന്റെ ദൃഷ്ടാന്തങ്ങൾ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു. അവർ ഉപദേശം സ്വീകരിക്കുന്നതിനു വേണ്ടി (2:222 അൽബക്കറ)

അങ്ങനെ, അല്ലാഹു(ത)പറയുന്നു ബഹുദൈവ വിശ്വാസിനി

കളായ സ്ത്രീകളെ വിവാഹം കഴിക്കരുത്, എന്നാൽ അതോടൊപ്പം അവർക്കൊരു വഴി തുറന്നു കൊടുക്കുകയും ചെയ്യുന്നു അല്ലാഹു(ത)പറയുന്നു നിങ്ങൾ വിശ്വസിക്കുന്നതുപോലെ അവർ വിശ്വസിക്കുന്നതുവരെ! ഇവിടെ അല്ലാഹു(ത) സംസാരിക്കുന്നത് വിശ്വാസത്തെകുറിച്ച് നിങ്ങൾക്കുള്ളതുപോലുള്ള അതേ വിശ്വാസം അവർക്കും ഉണ്ടായിരിക്കണം. ആയതിനാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളായിട്ടുള്ളവർ, അല്ലാഹുവിന്റെ ഖലീഫയിൽ വിശ്വസിച്ചിട്ടുളളവർ, ദൈവീക വെളിപാടുകൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളവർ, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചിട്ടുള്ളവർ (അവർ മനസ്സിലാക്കിയിരിക്കേണ്ടതാണ്) അല്ലാഹു(ത) ഈ നൂറ്റാണ്ടിൽ ഉയർത്തിയ ഒരു ജമാഅത്തിലാണ് നിങ്ങളുള്ളതെന്ന്! നിങ്ങളുടെ ജോലി, മറ്റുള്ളവരെ ഈ ദൈവീക ദൃഷ്ടാന്തത്തെ പറ്റി അറിയിക്കുക എന്നതാണ്, അതുപോലെ അല്ലാഹു(ത) അവൻ തന്നെ ഉയർത്തിയ ഒരാളിൽ വിശ്വസിക്കുക എന്നതുമാകുന്നു. നിങ്ങൾക്കെങ്ങനെ കഴിയും-ഒരു വിവാഹത്തിന്റെ പേരിൽ- ഒരാൾ ഈ ജമാഅത്തിൽ അല്ല എന്നിരിക്കെ- കാലഘട്ടത്തിലെ ഇമാമിനെ അയാൾ അംഗീകരിച്ചിട്ടുമില്ല- എന്നിരിക്കെ ഇത്തരം ഒരാളെ വിവാഹം കഴിക്കുവാൻ നിങ്ങൾക്കെങ്ങനെയാണ് കഴിയുന്നത്. അല്ലാഹു(ത) അവന്റെ ഗ്രന്ഥത്തിലൂടെ, വിശുദ്ധഖുർആനിലൂടെ, നിങ്ങൾക്കായി നല്കിയ യഥാർത്ഥ അധ്യാപനത്തെ, നിങ്ങൾതന്നെ ചവിട്ടിമെതിക്കുന്നതിനു സമാനമായ കാര്യമല്ലേ?

നിങ്ങൾക്കറിയാമോ? അല്ലാഹു(ത) എന്താണ് ഖുർആനിൽ പറഞ്ഞിരിക്കുന്നതെന്ന്! ഒരടിമപെൺകുട്ടി/ സ്ത്രീ, അവൾക്ക് വിശ്വാസമുണ്ട്, എങ്കിൽ വിഗ്രഹാരാധകയായ പെൺകുട്ടിയേക്കാളും/ സ്ത്രീയെക്കാളും ഉത്തമമാണ് അവൾ എത്രതന്നെ ആകർഷകമായാലും ശരി

വിശ്വാസിനികളായ സ്ത്രീകളോട് അല്ലാഹു(ത) പറയുന്നു നിങ്ങൾ വിഗ്രഹാരാധകരായ പുരുഷന്മാരെ വിവാഹം ചെയ്യരുത് (അവർ വിഗ്രഹങ്ങളെ ആരാധിക്കുന്നവരാണ് അവർ അല്ലാഹു അല്ലാത്തതിനെ ആരാധിക്കുന്നവരാണ്, അവർ അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നവരാകുന്നു, ഇതുമാത്രമല്ല, മറിച്ച് വിഗ്രഹാരാധകർ എന്നതുകൊണ്ടർത്ഥമാക്കുന്നത് അവർ അല്ലാഹുവിൽ നിന്നുള്ള എല്ലാ നിർദ്ദേശങ്ങളും കല്പനകളും തിരസ്ക്കരിക്കുന്നവരാകുന്നു. നമ്മോട് അല്ലാഹു(ത) ചെയ്യുവാൻ കല്പിച്ച എല്ലാ കല്പനകളെയും നിർദ്ദേശങ്ങളെയും അവർ അവഗണിക്കുകയും, അവ ചവിട്ടിമെതിക്കുകയും ചെയ്യുന്നവരാകുന്നു. ഇവർ ദൈവീക നിർദ്ദേശങ്ങൾക്ക് എതിർ ചെയ്യുന്നവരാകുന്നു. അല്ലാഹുവിന്റെ

പ്രതിനിധിക്കെതിരിലും നിലകൊള്ളുന്നവരാകുന്നു.

അല്ലാഹു(ത) പറയുന്നു (അവരെ നിങ്ങൾ വിവാഹം ചെയ്യരുത്, ഈ ആളുകൾ ശരിയായ വിശ്വാസം സ്വീകരിക്കുന്നതുവരെ) അല്ലാഹു(ത) പറയുകയും ചെയ്യുന്നു, ഒരു വിഗ്രഹാരാധകൻ, അയാളെ ഒരു മുസ്ലിം പെൺകുട്ടിക്ക്/ സ്ത്രീയ്ക്ക് ആകർഷകമായി തോന്നുകയാണെങ്കിൽ പോലും, അത്തരം സന്ദർത്തിൽ പോലും മുസ്ലിം സ്ത്രീ/ പെൺകുട്ടി അവനോടൊപ്പം പോകരുത്, നിങ്ങൾക്കുള്ള അതേ വിശ്വാസം അയാൾ സ്വീകരിക്കുന്നതുവരെയും (ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ ദൈവീക ദൃഷ്ടാന്തത്തിൽ, ഇപ്പോഴത്തെ ദൈവീകദൃഷ്ടാന്തത്തിൽ വിശ്വസിക്കേണ്ടതാണ്, അല്ലാഹുവിന്റെ ഖലീഫയെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്) അല്ലാഹു(ത) വീണ്ടും പറയുന്നു അതേ വചനത്തിൽ, അത്തരം ആളുകൾ, അല്ലാഹു(ത)യെ അല്ലാതെ മറ്റുവല്ലതിനെയും ആരാധിക്കുന്നവർ, അല്ലാഹു(ത)യുടെ ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും നിഷേധിക്കുന്നവർ, അവർ നിങ്ങളെ ക്ഷണിക്കുന്നത് അഗ്നിയിലേക്കാണ് (നരകാഗ്നി) എന്നാൽ അല്ലാഹു(ത) നിങ്ങളെ ക്ഷണിക്കുന്നത് സ്വർഗത്തിലേക്കാണ്, അവന്റെ അനുഗ്രഹത്താൽ മാപ്പ് നല്കുന്നതിലേക്കാണ്. അവൻ അവന്റെ വചനങ്ങളെ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുന്നു. അതിലൂടെ അവർ ഉപദേശം സ്വീകരിച്ച് രക്ഷയിലെത്തിച്ചേരുന്നതിനുവേണ്ടി!

അതുകൊണ്ട് ഈ കാര്യം വളരെ വ്യക്തമാണ്, അല്ലാഹു(ത) അവന്റെ പ്രവാചകനെ ഉയർത്തുമ്പോൾ, അതിനോടൊപ്പം ഈ വ്യവസ്ഥകളും ചേർത്തുവെയ്ക്കുന്നു. നിങ്ങളുടെ വിശ്വാസം അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വിശ്വാസം, സമ്പൂർണ്ണമായിരിക്കണം. ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്നു എന്നും അല്ലാഹു(ത) തെരഞ്ഞെടുത്ത ദാസനിലും വിശ്വസിക്കുന്നു എന്നും നിങ്ങൾക്ക് പറയുവാൻ കഴിയുകയില്ല. നിങ്ങൾ അപ്രകാരം വിശ്വസിക്കാത്ത ഒരാളെ വിവാഹം കഴിക്കുകയാണെങ്കിൽ! അല്ലാഹു(ത) തെരഞ്ഞെടുത്ത ദാസനെയും നിങ്ങൾ വിശ്വസിക്കുന്നില്ല. ദൈവീക ദൃഷ്ടാന്തത്തിലും നിങ്ങൾ വിശ്വസിക്കുന്നില്ല. ആയതിനാൽ അല്ലാഹു(ത) നമുക്ക് ഇക്കാര്യം വ്യക്തമാക്കി തന്നിരിക്കുകയാണ്. നാം ഇപ്രകാരം ചെയ്യേ ണ്ടതാണ്- നിങ്ങൾ അവന് സന്ദേശം എത്തിച്ചു കൊടുക്കുക. നിങ്ങളുടെ വിശ്വാസം പോലെ അവനും വിശ്വാസം വരുന്നതുവരെ, അതിനുള്ള സമയവും കൊടുക്കുക. എന്നിട്ട് നിങ്ങൾ നോക്കിയിരിക്കുക, അയാൾ മുന്നോട്ട് വരി

കയാണെങ്കിൽ, ആത്മാർത്ഥമായി അയാൾ അല്ലാഹു(ത) തെരഞ്ഞെടുത്ത ആളിൽ വിശ്വസിക്കുന്നുവെങ്കിൽ, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്നുവെങ്കിൽ! ഇനി അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, അത്തരം ആളുകൾ വെറും അഭിനയക്കാരാണ്. അവർ അല്ലാഹുവിനെയും വിശ്വാസികളെയും ചതിക്കുന്നവരാണ്. ഇനി അവർ ഇത് ചെയ്യുകയാണെങ്കിൽ, അവർ അവരെ തന്നെയാണ് ചതിക്കുന്നത്. അവർ ചെയ്യുന്നതിന്റെ പരിണിതഫലം എന്തെന്നറിയാതെ, അവരെ അവർ സ്വയം ചതിക്കുകയാണ് ചെയ്യുന്നത്.

ആയതിനാൽ, നാം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ, വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. അല്ലാഹു(ത)യും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫ(സ)യും നമ്മോട് ചെയ്യുവാൻ പറഞ്ഞതനുസരിച്ച് നാം പ്രവർത്തിക്കേണ്ടതാണ്.

നിങ്ങൾ ഒരിക്കൽ മറ്റൊരു ജമാഅത്തിലായിരുന്നു. സത്യം എവിടെയാണെന്ന് കാണുവാനുള്ള ഭാഗ്യം അല്ലാഹു(ത) നിങ്ങൾക്ക് നല്കിയപ്പോൾ നിങ്ങൾ സത്യം സ്വീകരിക്കുന്നതിനായി പ്രസ്തുത ജമാഅത്ത് ഉപേക്ഷിച്ചു, ഇപ്പോൾ നിങ്ങളുടെ കുടുംബാംഗങ്ങളെ, അല്ലാഹുവിന്റെ ജമാഅത്തിൽപെടാത്ത ആളുകൾ വിവാഹം കഴിക്കുവാൻ പ്രോത്സാഹിപ്പിക്കുകയാണോ? യഥാർത്ഥമായ ദൈവീക അധ്യാപനങ്ങളെ നവീകരിക്കുവാൻ അല്ലാഹു(ത) ഉയർത്തിയ ജമാഅത്തിൽപെടാത്തവരെ വിവാഹം കഴിക്കുവാൻ നിങ്ങൾ പ്രേരിപ്പിക്കുകയാണോ? അല്ലാഹു(ത)യുടെ ജമാഅത്ത് നിങ്ങളെ സ്വർഗത്തിലേക്ക് നയിക്കുവാനുള്ള പാത തുറന്നിരിക്കുകയാണ്. എന്നിട്ട് നിങ്ങൾ ഈ പാത ഉപേക്ഷിക്കുവാൻ തുടങ്ങുകയാണോ? എന്നിട്ട് മുള്ളു നിറഞ്ഞ പാത തെരഞ്ഞെടുക്കുകയാണോ? അത് നിങ്ങളെ കൊണ്ടെത്തിക്കുന്നത് നരകത്തിലേക്കാണ്!

ഈ നൂറ്റാണ്ടിൽ അല്ലാഹു(ത) തെരഞ്ഞെടുത്ത ജമാഅത്തിന് പുറത്തുള്ള ഒരാളെ വിവാഹം കഴിക്കുന്നതിന് എന്റെ ഒരു അനുചരൻ മുന്നോട്ടു പോകുന്നതായി അറിയുന്നു. അദ്ദേഹം അദ്ദേഹത്തിന്റേതായ നിലയിൽ നിസ്സഹകരിക്കുകയാണ്– ഈ വിനീതനായ അല്ലാഹുവിന്റെ സേവകനെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെയും! ഈ സാഹചര്യത്തിൽ അദ്ദേഹം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ഭാഗമല്ല, ഇതിലെ അംഗവുമല്ല.

ഞാനൊരു അമീറിനോ നാഇബ് അമീറിനോ അഥവ നമ്മുടെ

മൗലവിമാർക്കോ അഥവ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഏതെങ്കിലും ഒരംഗത്തിനോ പ്രസ്തുത വ്യക്തിയുടെ വിവാഹം നടത്തുന്നതിന് അനുവാദം ഒരു സാഹചര്യത്തിലും നല്കുന്നതല്ല. എന്റെ അനുവാദമില്ലാതെ ഏതെങ്കിലും വ്യക്തി അപ്രകാരം ചെയ്യുകയാണെങ്കിൽ, ദൈവീക നിർദ്ദേശപ്രകാരം ഞാൻ അതിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് അതിന്റേതായ മാനേജിംഗ് കമ്മിറ്റിയുമുണ്ട്. നമുക്ക് അതിന് അമീറുണ്ട്, നാഇബ് അമീറുണ്ട് അനേകം ഓദ്യോഗിക ഭാരവാഹികളുണ്ട്, വിവാഹ കാര്യങ്ങൾ നോക്കുന്നതിന് പ്രത്യേക സെക്രട്ടറിയുണ്ട്, അദ്ദേഹം അമീറിന്റെ, നാഇബ് അമീറിന്റെ സഹകരണത്തോടെ, ഒരു വീട്ടിൽ അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ, ഇത്തരം സാഹചര്യത്തിൽ എന്തുചെയ്യണമെന്ന് തീരുമാനിക്കേണ്ടത് അവരുടെ ജോലിയാണ്.

ആയതിനാൽ, നമ്മുടെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, അവിവാഹിതരായ അനേകം ചെറുപ്പക്കാരുണ്ട് (ആൺകുട്ടികളും പെൺകുട്ടികളും) നമ്മുടെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്ന് തന്നെ വിവാഹിതരാകുവാൻ അവരെ പ്രേരിപ്പിക്കേണ്ടത്, ഓരോ അമീറിന്റെയും, നാഇബ് അമീറിന്റെയും പൊതജനകാര്യ സെക്രട്ടറിയുടെയും ബാധ്യതയാണ്, സാഹചര്യം വിലയിരുത്തേണ്ടതും, അതിൻ പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്, നമ്മുടെ ചെറുപ്പക്കാരെ നാം പ്രേരിപ്പിക്കേണ്ടതാണ്, ഈ ദൈവീക ദൃഷ്ടാന്ത സംഘത്തിൽ നിന്ന് തന്നെ വിവാഹിതരാകുവാൻ, പ്രസ്തുത സംഘത്തിൽ, നിങ്ങൾക്കിടയിൽ നിന്ന് തന്നെ വിവാഹിതരാകുവാൻ; പ്രസ്തുത സംഘത്തിൽ, നിങ്ങൾക്കിടയിൽ നിന്ന് അല്ലാഹു(ത) തെരഞ്ഞെടുത്ത ഒരാളുണ്ട്. അല്ലാഹു(ത) അവൻ തന്നെയാണ് അവന്റെ പ്രതിനിധിയെ എഴുന്നേല്പിച്ചത്. ദൈവീക വചനുമായി! ഈ ദൈവീക ദൃഷ്ടാന്തത്തിന്റെ സത്യത എല്ലാവരിലേക്കും എത്തിക്കുന്നതിനായി നാം പ്രവർത്തിക്കുക എന്നത് നമ്മുടെ ബാധ്യത തന്നെയാണ്.

ഇപ്പോൾ ഒരു ചോദ്യം ഉയർന്നുവന്നേക്കാം, (ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അംഗമല്ലാത്ത ഒരാൾ) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അംഗമായ ഒരാളെ വിവാഹം കഴിക്കുവാൻ താത്പര്യപ്പെട്ടാൽ, ഇങ്ങനെ സംഭവിച്ചാൽ എന്താണ് ഇതിന്റെ പ്രതിവിധി? ഇത്തരം സാഹചര്യത്തിൽ ഈ വിവാഹഭ്യർത്ഥന സ്വീകരിക്കുന്നതിന് മുൻപ്, നമ്മുടെ ജമാഅത്തിനെപറ്റി വിശദമായി വിവരി

ക്കേണ്ടതാണ്, നമ്മുടെ വിശ്വാസത്തെകുറിച്ച് വിശദമാക്കേണ്ടതാണ്. ഈ സന്ദേശം അയാൾക്ക് കൃത്യമായും, വ്യക്തമായും വിശദീകരിച്ചു കൊടുക്കുക. നിങ്ങൾ പെട്ടെന്ന് വിവാഹം നടത്തികൊടുക്കരുത്. നിങ്ങൾ അയാളെ നിരീക്ഷിക്കുക. കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കുക എന്നിട്ട്, ദുആ ചെയ്തു കൊണ്ടിരിക്കുക. ഇനി അയാൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോട് നിഷ്ക്കളങ്കമായ നിലയിലാണ് വർത്തിക്കുന്നതെങ്കിൽ, ഈ കാര്യമൊക്കെ ഗൗരവപൂർവ്വം നോക്കികണ്ടശേഷം, അയാൾ തീർത്തും വിശ്വാസി ആണെന്ന് ബോധ്യപ്പെട്ടാൽ, നിങ്ങൾക്കയാളുടെ നിക്കാഹ് കാര്യം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ വിളംബരം ചെയ്യാവുന്നതാണ്; അതിന് മുൻപ് അദ്ദേഹം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ബൈഅത്ത് ചെയ്തിരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. അതൊരു ആത്മാർത്ഥ ബൈഅത്ത് ആയിരിക്കണം, അതൊരു പേപ്പർ ബൈഅത്ത് ആയിരിക്കരുത്. അത്തരം ബൈഅത്ത് ഏതെങ്കിലും ഒരു വിവാഹവുമായി അതിന് ബന്ധമില്ല; അത്തരം ബൈഅത്തു ദൈവീക ദൃഷ്ടാന്തത്തെപറ്റിയുള്ള ഉത്തമബോധ്യത്തിന്റെ പ്രതിഫലനമാണ്; ഇസ്ലാമിന്റെ സത്യതയുടെ പ്രതിഫലനമാണത്; സഹീഹിൽ ഇസ്ലാമിന്റെ ബാഹ്യപ്രതിഫലനമാണത്; എന്നിട്ട് അത്തരം റിപ്പോർട്ടുകളെല്ലാം എനിക്കയച്ചു തരിക (പ്രസ്തുത വ്യക്തിയുടെ ബൈഅത്ത്, അദ്ദേഹത്തിന്റെ സ്വന്തം ഇഷ്ടപ്രകാരമായിരിക്കണം. ഉത്തമ ബോധ്യത്തോടെ ആയിരിക്കണം. വിവാഹത്തിനു വേണ്ടി ആയിരിക്കരുത്) ദൈവീക ദൃഷ്ടാന്തത്തിന്റെ സത്യതയെകുറിച്ച് ഒരാൾ പഠിക്കുകയാണെങ്കിൽ എന്നിട്ട് അംഗീകരിക്കുകയാണെങ്കിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ തികച്ചും നിഷ്ക്കളങ്കമായ നിലയിൽ പ്രവേശിക്കുകയും ചെയ്താൽ, അതെ തുടർന്ന് വിവാഹ വിഷയം ചർച്ചയായാൽ. അപ്പോൾ അവനെ തീർച്ചയായും ജമാഅത്തിനകത്തു നിന്ന് വിവാഹം കഴിക്കുന്നതിന് പ്രേരിപ്പിക്കാവുന്നതാണ്, കാരണം അവന്റെ ബൈഅത്ത് ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുവാൻ വേണ്ടി ആയിരുന്നില്ല. മറിച്ച്, അല്ലാഹുവിനു വേണ്ടി ആയിരുന്നു)

എന്റെ അനുചരന്മാരെല്ലാം തന്നെ തങ്ങളുടെ സന്താനങ്ങളെ ജമാഅത്തിനകത്തു നിന്ന് വിവാഹം കഴിക്കുവാൻ പരസ്പരം പ്രേരിപ്പിക്കേണ്ടതാണ്. അതുകൊണ്ട് ഞാൻ രക്ഷകർത്താക്കളെയും വിവാഹ പ്രായമെത്തിയെ യുവാക്കളെയും യുവതികളെയും ഉപദേശിക്കുകയാണ്, നിങ്ങൾ ദൈവീക ദൃഷ്ടാന്തത്തിൽ


വിശ്വസിച്ചവരെ വിവാഹം കഴിക്കുവാൻ തയ്യാറാവുക. അല്ലാഹുവിന്റെ ജമാഅത്തിന് പുറത്തുള്ളവരെ വിവാഹം കഴിക്കുന്ന തെറ്റ് ചെയ്യാതിരിക്കുക. അതിലൂടെ നിങ്ങളുടെ എല്ലാ ദൈവീക അനുഗ്രഹങ്ങളും ആനുകൂല്യങ്ങളും നഷ്ടമായി പോകും. ഓർക്കുക, വിധിനാളിൽ അല്ലാഹു(ത) അവൻ തന്നെ ആയിരിക്കും നിങ്ങളുടെ വിധികർത്താവ്. ഒരിക്കലും അല്ലാഹുവിന്റെ ദൃഷ്ടാന്തത്തിലും അവന്റെ ദൂതനിലും വിശ്വസിച്ചവരെ, അതിജയിക്കുവാൻ, അപ്രകാരം വിശ്വസിക്കാത്തവർക്ക് ഒരിക്കലും കഴിയുകയില്ല. നിഷേധികൾക്ക് അപ്രകാരം ഒരുവഴി അവൻ തുറന്നു കൊടുക്കുകയില്ല. നിങ്ങൾ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്നു എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, നിങ്ങൾ അറിഞ്ഞിരിക്കുക, അല്ലാഹു (ത) നിങ്ങളെ പലവിധ പരീക്ഷണങ്ങൾക്കും വിധേയനാക്കുന്നതാണ്, നിങ്ങൾക്കീ ഭയമുണ്ടായിരിക്കണം. ഭാവി ജീവിതത്തിലെ ശിക്ഷയെപറ്റി! ഐഹിക ലോകത്തിലെ പ്രേരണകളും തിന്മകളും നിങ്ങളെ കീഴ്പ്പെടുത്തരുത്; അതിനാൽ നിങ്ങളറിയുക, അല്ലാഹു അല്ലാത്ത മറ്റൊരു സംരക്ഷകനും നിങ്ങൾക്കില്ല; അവനല്ലാത്ത ഒരു സഹായവും നിങ്ങൾക്കില്ല; ആയതിനാൽ നന്മ ചെയ്യുക; നന്മ, തിന്മകളെ മായ്ച്ചു കളയുന്നതാണ്.

അവസാനമായി ഞാൻ പറയട്ടെ!

അതുകൊണ്ട് നീ സ്ഥിരചിത്തനായിരിക്കുക. കാരണം, സദ്വൃത്തന്മാരുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ലതന്നെ (സൂറ:ഹൂദ് 11:116)

അതുകൊണ്ട് ഏറ്റവും നല്ല ക്ഷമ കൈകൊള്ളുക എങ്കിൽ നിങ്ങൾ തീർച്ചയായും ഏറ്റവും നല്ല പ്രതിഫലങ്ങൾ വിളയിച്ചെടുക്കുന്നതാണ്.

ഇൻശാ അല്ലാഹ് ആമീൻ സുമ്മ ആമീൻ



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*